# VI ധനകാര്യം

## ക്രമപ്രശ്നം

### സബ്ജക്ട് കമ്മിറ്റി ശുപാർശകൾ നടപ്പാക്കാത്തതുസംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ : സർ, ധനാഭ്യർത്ഥനകളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശകളും അതുസംബന്ധിച്ച് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളും ഗൗരവമായ പരിഗണന അർഹിക്കുന്നവയാണ്. നിയമസഭാ ചട്ടം 236 പ്രകാരം ധനാഭ്യർത്ഥനയുടെ സൂക്ഷ്മപരിശോധനയ്ക്കുവേണ്ടി ബഡ്ജറ്റ് അവതരിപ്പിച്ച് ഒരു മാസത്തിനകം ഒരു നിശ്ചിത ടൈംടേബിൾ അനുസരിച്ചാണ് സബ്ജക്ട് കമ്മിറ്റികളുടെ യോഗം ചേരുന്നത്. മൂന്നാഴ്ചയ്ക്കകം ധനാഭ്യർത്ഥന കളുടെ സൂക്ഷ്മപരിശോധന പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ആ റിപ്പോർട്ടുകൾ/ശുപാർശകൾ ആ സാമ്പത്തിക വർഷം തന്നെ പരിഗണിക്കണം. പരിഗണിക്കാൻ അഥവാ കഴിയാതെ വരികയാണെങ്കിൽ അതുസംബന്ധിച്ചു നിയമസഭയ്ക്കോ ബന്ധപ്പട്ടവർക്കോ വ്യക്തമായിട്ടുള്ള വിശദീകരണം നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിപ്പോൾ പാലിക്കപ്പെടുന്നില്ല. ഈ സാമ്പത്തിക വർഷം 1934 കോടി രൂപയുടെ അധിക ആവശ്യമാണ് അതാതു അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റുകൾ സബ്ജക്ട് കമ്മിറ്റികളുടെ മുമ്പാകെ വയ്ക്കുന്നത്. ആ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ശുപാർശ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ മുമ്പാകെ നിൽക്കുകയാണ്. ഈ സാമ്പത്തിക കാര്യത്തിനുവേണ്ടിയിട്ടുള്ള അധിക ആവശ്യം മാത്രമല്ല തികച്ചും ശരിയായ ചില ശുപാർശകൾ ; നമ്മൾ സമീപകാലത്താണ് പാർലമെന്ററികാര്യ വകുപ്പു രൂപീകരിച്ചത്. സാമ്പത്തികമല്ലാത്തതാണ് പാർലമെന്ററികാര്യ വകുപ്പിന് ഒരു മേജർ ഹെഡ് അനുവദിക്കണം. കഴിഞ്ഞ വർഷവും, തുടർച്ചയായി സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്യുകയാണ്. ഈ തവണ അതിന് ഒരു മറുപടി.....

മി. സ്പീക്കർ : സബ്ജക്ട് കമ്മിറ്റി റെക്കമെന്റ് ചെയ്തുയെന്നല്ലെ. ശ്രീ. ഹസ്സന്റെ ഇൻഫ്ളുവൻസ് നല്ലപോലുണ്ടല്ലോ.

ശ്രീ. എം. വി. ജയരാജൻ : സർ, പാർലമെന്ററി കാര്യവകുപ്പ് ആദ്യമായി രൂപീകരിക്കുകയാണ്. അതിനു ഒരു മേജർ ഹെഡ് വേണമെന്നുള്ളത് തികച്ചും ന്യായമായിട്ടുള്ള കാര്യമാണ്. പത്താം നമ്പർ സബ്ജക്ട് കമ്മിറ്റിയിൽ തന്നെ മറ്റൊരു കാര്യം ഗൗരവമായിട്ടുവന്നു. അഡ്വൈസ് മൊമ്മോ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകണം. രണ്ടുവർഷം തുടർച്ചയായിട്ട് അത് ശുപാർശയായിട്ടുതന്നെ നിൽക്കുകയാണ്. അത് പരിഗണിക്കപ്പെട്ടോ ഇല്ലയോ എന്ന് നമുക്കറിയാൻ കഴിയുന്നില്ല. അതുകൊണ്ട് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്, ചട്ടം 236 പ്രകാരമുള്ള നിയമസഭാ സബ്ജക്ട് കമ്മിറ്റികളുടെ ശുപാർശകൾ അത് അർഹിക്കുന്ന ഗൗരവത്തിൽ പരിഗണിക്കപ്പെടണം. അത് നിയമസഭയുടെ ഒരു അവകാശമാണ്. നിയമസഭാചട്ടം ഇവിടെ പാലിക്കപ്പെടുന്നില്ല. ഇതിനുപകരം എന്ത് ചെയ്യുന്നു! ജൂലൈ മാസവും

LIBRARY ARCHIVES Kerala Legislative Assembly

ഡിസംബർ മാസവും സപ്ളിമെന്ററി ബഡ്ജറ്റ് വരുന്നുണ്ട്. സപ്ളിമെന്ററി ബഡ്ജറ്റിൽ ഈ ശുപാർശകളിൽ പറയുന്ന കാര്യങ്ങളെല്ലാം വരുന്നു. അതിനു പകരം ഉദ്യോഗസ്ഥന്മാരോ ഡിപ്പാർട്ടുമെന്റ് മേധാവികളോ ഇനി അതല്ല മന്ത്രിമാർതന്നെയോ അവർ അധികമായി പ്രഖ്യപിക്കപ്പെടുന്ന പദ്ധതികൾക്ക് വേണ്ടിയിട്ടുള്ള തുക വകയിരുത്താനാണ് തയ്യാറാകുന്നത്.....

മി.സ്പീക്കർ : Yes , yes, I have given you enough time, please conclude.

ശ്രീ. എം. വി. ജയരാജൻ : സർ, അതാത് അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ് കാര്യകാരണ സഹിതം ഏതിനൊക്കെ മുന്തിയ പരിഗണന കൊടുക്കണം, നമ്മുടെ വരുമാനത്തിന്റെ സ്ഥിതി, ഇതെല്ലാം നോക്കുന്നതിന് ഒരു വ്യവസ്ഥയുണ്ടാക്കണം.

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് വളരെ പ്രസക്തമായ ഒരു കാര്യമാണ്. ഞങ്ങൾ മൂന്നാം സബ്ജക്ട് കമ്മിറ്റി കൂടിയപ്പോൾ ഇതിനെക്കാൾ ഗൗരവമായ ഒരു വിഷയം ചർച്ചയ്ക്ക് വന്നു. മൂന്നാം സബ്ജക്ട് കമ്മിറ്റിയിൽ (ഇറിഗേഷൻ ആന്റ് പവ്വർ) മൈനർ ഇറിഗേഷൻ എന്നു പറയുന്ന ഒരു ഹെഡ് ബഡ്ജറ്റ് രേഖകളിലില്ല. ഞങ്ങളുടെ സബ്ജക്ട് കമ്മിറ്റി എല്ലാ ബഡ്ജറ്റുകൾക്കും മുമ്പുതന്നെ പ്ളാനിംഗ് ബോർഡ് അടക്കം ഫിനാൻസ് ഉദ്യോഗസ്ഥന്മാരെ വിളിച്ചുവരുത്തി പ്രീബഡ്ജറ്റ് ഡിസ്ക്കഷൻ നടത്തുന്ന സബ്ജക്ട് കമ്മിറ്റിയാണ്. പക്ഷേ എന്നിട്ടും ഇറിഗേഷന്റെ വകുപ്പുമായി ബന്ധപ്പെട്ട മൈനർ ഇറിഗേഷന് യാതൊരു ഫണ്ടുമില്ല. സബ്ജക്ട് കമ്മിറ്റി ശുപാർശ കൊടുത്താൽ ജലരേഖകളായി മാറുകയാണ്. ബഡ്ജറ്റിംഗിൽ ഇക്കാര്യത്തിൽ നടപടിയുണ്ടാകണം.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, കഴിഞ്ഞ ജൂലൈ മാസത്തിൽ നടന്ന ധനാഭ്യർത്ഥന ചർച്ചയിൽ ഇക്കാര്യങ്ങൾ അങ്ങേയ്ക്ക് എഴുതി തന്നതും ഞാൻ ഉന്നയിച്ചതുമാണ്. അന്ന് അങ്ങ് ഈ സഭയിൽ അത് പരിശോധിക്കണം, എന്ന് മന്ത്രിമാരോടും ഗവൺമെന്റിനോടും പറഞ്ഞു. അത് മാറ്റമില്ലാതെ തുടരുകയാണ്. ശ്രീ. എം. വി. ജയരാജൻ ഇവിടെ വിശദീകരിച്ചതിനും ശ്രീ. കെ. സി. വേണുഗോപാൽ വിശദീകരിച്ചതിനും ഒരു മാറ്റം വേണം.

മി. സ്പീക്കർ : ഇതിൽ വേറൊരു പ്രസക്തമായ ഭാഗമുണ്ട്. സബ്ജക്ട് കമ്മിറ്റി ഓരോന്നിലും അതാതു മന്ത്രിയാണ് പ്രിസൈഡ് ചെയ്യുന്നത്. ആ വകുപ്പിൽ ഇന്നയിന്ന കാര്യങ്ങൾ ചെയ്യണമെന്നു പറഞ്ഞാൽ ആ മന്ത്രിക്ക് എതിരൊന്നുമില്ല. പക്ഷേ കാശ് കൂടുതൽ ചെലവാകുന്ന ഏതും ഫിനാൻസ് അപ്രൂവ് ചെയ്യണം. അല്ലാതെ സബ്ജക്ട് കമ്മിറ്റി റെക്കമെന്റ് ചെയ്തു എന്നു വിചാരിച്ച് അത് നടപ്പിലാക്കാനൊക്കുകയില്ല. ഫിനാൻസ് അപ്രൂവ് ചെയ്യണം. ഏതായാലും സബ്ജക്ട് കമ്മിറ്റിയുടെ ഇമ്പോർട്ടൻസ് അനുസരിച്ച് ഇതു നമുക്ക് പരിശോധിക്കാം. വേണ്ടിവന്നാൽ ഡിസ്ക്കഷൻ നടത്താം. അത് പിന്നെ പരിശോധിക്കാം. സബ്ജക്ട് കമ്മിറ്റി അപ്രൂവ് ചെയ്തു എന്നുകരുതി അതു നടപ്പിലാക്കണമെന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly